"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായം - കയർ വികസനം - നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ ശമ്പളം നൽകുന്നതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.419/2026/ID തീയതി,തിരുവനന്തപുരം, 07-04-2026

പരാമർശം:- കയർ വികസന ഡയറക്ടറുടെ 06-04-2026 തീയതിയിലെ DCD/232/2025-CA1 നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് അനുബന്ധ ഓഫീസ് ചെലവുകൾ എന്നിവ **2851-00-106-75** എന്ന നോൺ-പ്ലാൻ ശീർഷകത്തിൽ നിന്നാണ് നിലവിൽ അനുവദിച്ചു വരുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ വിവിധ ഘട്ടങ്ങളിലായി ഈ ഇനത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മാർച്ച് മാസത്തെ ശമ്പള വിതരണത്തിനായി 18 ലക്ഷം രൂപ കൂടി അടിയന്തിരമായി ആവശ്യമാണെന്നും അഡീഷണൽ ഓതറൈസേഷൻ മുഖേന തുക ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുമെന്നതിനാലും, ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്നത് ഒഴിവാക്കുന്നതിനുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കയർ വികസന ഡയറക്ടർ പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ 2026 മാർച്ച് മാസത്തെ ശമ്പള വിതരണത്തിനായി **18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം)** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും പലിശരഹിത വായ്പയായി NCRMI-ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3. അധിക ധനാനുമതി വഴി തുക ലഭ്യമാകുന്ന മുറയ്ക്ക്, വായ്പാ തുക കേരള സ്റ്റേറ്റ് കയർ

കോർപ്പറേഷന് അടിയന്തരമായി തിരികെ നൽകുന്നതിനുള്ള നടപടികൾ NCRMI ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമ വി
ജോയിന്റ് സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.
ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരളം, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E2/59/2026/IND)

ഉത്തരവിൻ പ്രകാരം
Signed by
Vidya Raj P
Date: 07-04-2026 12:34:42
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്